Draft #2 of File 17940/CBCSS 17/2/2019/CBCSS 17 Approved by ASSISTANT REGISTRAR II ACADEMIC on 01-Jun-2019 12:45 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമികം -ഗ്രേസ്മാർക്ക്- എൻ.സി.സി -'ബി', 'സി' സർട്ടിഫിക്കറ്റുകളുടെ വിതരണത്തിലെ കാലതാമസം- താല്ക്കാലിക സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ഗ്രേസ്മാർക്ക് അനുവദിച്ച് ഗ്രേഡ് കാർഡുകൾ നൽകുവാനുള്ള തീരുമാനം- ഉത്തരവാകുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 2409/AC A 8/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 01.06.2019

---

പരാമർശം:-തിരുവനന്തപുരം,എൻ.സി.സി ഡയറക്ടറേറ്റിലെ ബ്രിഗേഡിയർ ,ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീകാന്ത്.എൽ. ജോഷിയുടെ 20.05.2019-ലെ 1042/C Cert/Trg നമ്പർ കത്ത്.

**ഉത്തരവ്**

അവിചാരിതമായ കാരണങ്ങളാൽ എൻ.സി.സി 'ബി', 'സി' സർട്ടിഫിക്കറ്റുകളുടെ വിതരണം യഥാകാലം നടത്താനായില്ലെന്നും അതിനാൽ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് 2019 ജൂൺ 15 വരെ സാവകാശം നല്കണമെന്നും ബന്ധപ്പെട്ട എൻ.സി.സി ബറ്റാലിയനിൽ നിന്നുള്ള താല്കാലിക സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് അനുവദിക്കണമെന്നും എൻ.സി.സി ഡയറക്ടറേറ്റ് മേൽ പരാമർശിച്ച പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

ഈ അഭ്യർത്ഥന പരിഗണിയ്ക്കുകയും, എൻ.സി.സി 'ബി', 'സി' സർട്ടിഫിക്കറ്റുകളുടെ താല്ക്കാലിക സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ബിരുദ വിദ്യാർത്ഥികൾക്ക് എൻ.സി.സി ഗ്രേസ്മാർക്ക് അനുവദിച്ച് ഗ്രേഡ് കാർഡുകൾ നൽകുവാനും ഇങ്ങനെയുള്ള താൽക്കാലിക സർട്ടിഫിക്കറ്റുകൾ കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി വിദ്യാർത്ഥികളുടെ വിവരങ്ങളോടൊപ്പം സർവ്വകലാശാലയിലേക്ക് അയക്കേണ്ടതാണെന്നും വൈസ് ചാൻസലർ (i/c) ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ പി.എസ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ

3. ശ്രീകാന്ത് എൽ. ജോഷി ,ബ്രിഗേഡിയർ , ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

4 .ജെ.ആർ /ഡി.ആർ/എ ആർ (അക്കാദമിക്/പരീക്ഷ )

5. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ CETEX

6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ (അപ്‌ലോഡ് ചെയ്യുന്നതിനായി)

7. പി.ആർ.ഓ/എൻക്വയറി/ഐ.ക്യൂ.എ.സി

8. ടാബുലേഷൻ സെക്ഷനുകൾ

9. ഫയൽ പകർപ്പ് /കരുതൽ ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 17940/CBCSS 17/2/2019/CBCSS 17 Approved by ASSISTANT REGISTRAR II ACADEMIC on 01-Jun-2019 12:45 PM - Page 2

Digitally signed by REMESH NARAYAN
Date: 2019.06.01 13:45:44 IST